**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5571** **08-07-2024 - ൽ മറുപടിയ്ക്ക്**

**തീരപരിപാലന പ്ലാൻ പരിഷ്കരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ പുതുക്കിയ സി.ആർ.ഇസഡ്. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും സംസ്ഥാന സർക്കാർ തീരപരിപാലന പ്ലാൻ തയ്യാറാക്കാത്തതിനാൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതികൾ പ്രതിസന്ധിയിൽ ആയിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ സി.ആർ.ഇസഡ് വിജ്ഞാപനം 2011 ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. 2019 ലെ വിജ്ഞാപന പ്രകാരമുള്ള ഇളവുകൾ പൂർണ്ണമായും ലഭ്യമാവുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിൽ കൂടുതൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പഴയ പ്ലാൻ നിലനിൽക്കുന്നതിനാൽ പ്രസ്തുത ഇളവുകൾ ഇവിടുത്തെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ പ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) സർക്കാർ ചുമതലപ്പെടുത്തി. ഇതനുസരിച്ച് കരട് പ്ലാൻ തയ്യാറാക്കി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും ആക്ഷേപങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ന് 07.02.2024 ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് നൽകിയിട്ടുള്ളത്. NCSCM ലെ നടപടികൾ പൂർത്തിയായതിനു ശേഷം കരട് പ്ലാൻ കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതിക്കു വിധേയമായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കരട് പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഇളവുകൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശ വാസികൾക്ക് ലഭിക്കുന്നതാണ്. |
| (സി) | തീരപരിപാലന പ്ലാൻ പരിഷ്കരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) സർക്കാർ ചുമതലപ്പെടുത്തി. ഇതനുസരിച്ച് കരട് പ്ലാൻ തയ്യാറാക്കി വിജ്ഞാപനത്തിലെ വ്യവസ്ഥ പ്രകാരം പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും ആക്ഷേപങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ന് 07.02.2024 ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് നൽകിയിട്ടുള്ളത്. NCSCM ലെ നടപടികൾ പൂർത്തിയായതിനു ശേഷം കരട് പ്ലാൻ കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതിക്കു വിധേയമായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കരട് പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഇളവുകൾ സംസ്ഥാനത്തെ മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശ വാസികൾക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ